**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1905** **08-02-2023 - ൽ മറുപടിയ്ക്ക്**

**ജന്തുരോഗ നിവാരണ പദ്ധതിയുടെ ഭാഗമായ കോർപ്പസ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ജന്തുരോഗ നിവാരണ പദ്ധതിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ട കോർപ്പസ് ഫണ്ടിന്റെ സാമ്പത്തിക സ്രോതസ്സ് എന്താണ്; വിശദമാക്കാമോ; | (എ) | കേരളത്തിലുടനീളമുള്ള കന്നുകാലി കർഷകരിൽ നിന്നും ഒരു നിശ്ചിത ഫീസ് (3 രൂപ/5 രൂപ/10 രൂപ) അഡ്മിനിസ്ട്രേഷൻ ചാർജ് ആയി ഈടാക്കി അവരുടെ ഉരുക്കൾക്ക് കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ് നൽകുന്നതിന് വേണ്ടി വരുന്ന ചിലവുകൾക്കായി സ്വരൂപീകരിക്കുകയും ഇവ ജില്ലാ ട്രഷറിയിൽ സ്ഥിരനിക്ഷേപമാക്കുകയും ചെയ്തുവരുന്നു. ഇങ്ങനെ കാലാകാലങ്ങളായി സൂക്ഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളാണ് കോർപ്പസ് ഫണ്ട്. പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ഈ തുക ഇപ്രകാരം സൂക്ഷിക്കുന്നതും പി.എം.സി യുടെ അംഗീകാരത്തോടെ മാത്രമാണ് ചെലവഴിക്കുന്നതും. |
| (ബി) | എന്നുമുതലാണ് കോർപ്പസ് ഫണ്ട് സമാഹരിച്ച് തുടങ്ങിയത്; ഇപ്പോഴും സമാഹരിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | 2004 മുതലാണ് കോർപ്പസ് ഫണ്ട് സമാഹരിച്ച് തുടങ്ങിയത്. വാക്സിനേഷൻ ക്യാമ്പയിനുകൾ ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി തുടങ്ങിയ 2020 മുതൽ കോർപ്പസ് ഫണ്ടിലേക്ക് ക്യാമ്പയിനുകളിൽ നിന്നും തുക സമാഹരിക്കുന്നില്ല. വളർത്താനായി കൊണ്ടുവരുന്ന ഉരുക്കൾക്ക് ചെക്ക് പോസ്റ്റുകളിൽ കുളമ്പുരോഗ കുത്തിവെപ്പിന് ഈടാക്കുന്ന (ഒരു ഡോസിന് വാക്സിനേഷൻ ചാർജ് 10 രൂപയും, അഡ്മിനിസ്ട്രേഷൻ ചാർജ് 15 രൂപയും ചേർത്ത് ആകെ 25 രൂപ ) മാത്രമേ ഇപ്പോൾ കോർപ്പസ് ഫണ്ടിലേക്ക് വരുന്നുള്ളൂ. |
| (സി) | കോർപ്പസ് ഫണ്ട് സമാഹരിച്ചതിന്റെ ഉദ്ദേശ്യമെന്തായിരുന്നുവെന്നും മറ്റാവശ്യങ്ങൾക്ക് ഇതിൽ നിന്ന് തുക വിനിയോഗിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; എങ്കിൽ ആയത് തിരിച്ചടച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (സി) | കേരളത്തിലെ ക്ഷീര കർഷകരെ ഈ മേഖലയിലേക്ക് കൂടുതൽ അടുപ്പിക്കുന്നതിനുവേണ്ടി അവരുടെ ഉരുക്കളെ, വാക്സിനേഷൻ വഴി മാത്രം നിർമ്മാർജനം ചെയ്യാൻ കഴിയുന്ന തരത്തിലുള്ള വൈറസ് രോഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് വേണ്ടി ആരംഭിച്ചതാണ് അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട്. സ്ഥിര നിക്ഷേപമായി തിരുവനന്തപുരം ജില്ല ട്രഷറിയിൽ സൂക്ഷിച്ചിട്ടുള്ള കോർപ്പസ് ഫണ്ട് |

| | | | |
|---|---|---|---|
| | | | തുകയുടെ പലിശ ഉപയോഗിച്ച് പക്ഷി-മൃഗാദികൾക്കുള്ള വാക്സിനേഷൻ ക്യാമ്പയിനുകൾ (പ്രധാനമായും കുളമ്പുരോഗം) നടത്തുന്നതിനും, കുളമ്പുരോഗ പ്രതിരോധ കുത്തിവെപ്പ് നൽകുമ്പോൾ വാക്സിന്റെ പ്രതിപ്രവർത്തനം മൂലം മരണപ്പെടുകയോ, അബോർഷൻ സംഭവിക്കുകയോ ചെയ്യുന്ന ഉരുക്കൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും, കുളമ്പുരോഗം മൂലം മരണപ്പെട്ട ഉരുക്കൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും, പെട്ടെന്ന് ഉണ്ടാകുന്ന ഡിസീസ് ഔട്ട് ബ്രേക്കുകൾ നേരിടുന്നതിന് ഉടനടി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായിട്ടാണ് ഈ തുക സമാഹരിച്ചിട്ടുള്ളത്.<br><br>പ്രത്യേക സർക്കാർ ഉത്തരവുകൾ പ്രകാരം കോർപ്പസ് ഫണ്ട് പലിശയിൽ നിന്നും അനുവദിക്കുന്ന തുക റീക്കൂപ്പ് ചെയ്യാമെന്ന വ്യവസ്ഥയിൽ പക്ഷിപ്പനി നിയന്ത്രിക്കുന്നതിനായി "കൾ" ചെയ്തതും, മരണപ്പെട്ടതുമായ പക്ഷികൾക്കും, ആഫ്രിക്കൻ പന്നിപ്പനി നിയന്ത്രിക്കുന്നതിനായി "കൾ" ചെയ്ത പന്നികൾക്കും, നഷ്ടപരിഹാരം നൽകുന്നത് തുടങ്ങിയ ആവശ്യങ്ങൾക്കായി ഈ തുക ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം ചെലവഴിച്ച തുകയിൽ 1,15,00,000/- രൂപ പക്ഷിപ്പനി നഷ്ടപരിഹാര ഇനത്തിൽ തിരികെ ലഭിച്ചിട്ടുണ്ട് |
| (ഡി) | കോർപ്പസ് ഫണ്ടിനായി 2022 മാർച്ച് 31 വരെ സമാഹരിച്ച തുക എത്രയാണ്; ബാങ്ക് പലിശ ഇനത്തിൽ ലഭ്യമായ തുക എത്രയാണ്; ആകെ ചെലവഴിച്ച തുക എത്രയാണ്; ഏതെല്ലാം ആവശ്യങ്ങൾക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ഡി) | 1. കോർപ്പസ് ഫണ്ട് ഇനത്തിൽ സമാഹരിച്ചതും, ഫിക്സഡ് ഡിപ്പോസിറ്റുകളായി തിരുവനന്തപുരം ജില്ല ട്രഷറിയിൽ സൂക്ഷിച്ചിട്ടുള്ളതുമായ തുക = 48,31,87,903/- രൂപ<br>2. നാളിതുവരെ മേൽപ്പറഞ്ഞ തുകയ്ക്ക് ലഭിച്ചതായ പലിശ = 38,28,63,636/-<br>3. ആകെ ചെലവഴിച്ച തുക = 36,95,38,057/-<br><br>വിവിധ വാക്സിനേഷൻ ക്യാമ്പയിനുകളുടെ നടത്തിപ്പിനും (വാക്സിനുകളും, ലോജിസ്റ്റിക്കും വാങ്ങുന്നതിനുള്ള ചെലവ് ഉൾപ്പെടെ), വാക്സിനേഷൻ പ്രതിപ്രവർത്തനങ്ങൾ മൂലം മരണപ്പെട്ടതും, അബോർഷൻ സംഭവിച്ചതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകുന്നതിനും, ഔട്ട്ബ്രേക്ക് മാനേജ്മെന്റുകൾക്കും, കുളമ്പുരോഗം പോലെയുള്ള അസുഖം മൂലം മരണപ്പെട്ട ഉരുക്കൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും, പ്രത്യേക സർക്കാർ ഉത്തരവുകൾ പ്രകാരം കോർപ്പസ് ഫണ്ട് പലിശയിൽ നിന്നും അനുവദിക്കുന്ന തുക റീക്കൂപ് ചെയ്യാമെന്ന വ്യവസ്ഥയിൽ പക്ഷിപനി നിയന്ത്രിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | "കൾ" ചെയ്തതും, മരണപ്പെട്ടതുമായ പക്ഷികൾക്കും, ആഫ്രിക്കൻ പന്നിപ്പനി നിയന്ത്രിക്കുന്നതിനായി "കൾ" ചെയ്ത പന്നികൾക്കും നഷ്ടപരിഹാരം നൽകുന്നത് തുടങ്ങിയ ആവശ്യങ്ങൾക്കായി ഈ തുക ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ